**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2194** **30-09-2025 - ൽ മറുപടിയ്ക്ക്**

**കപ്പൽ മുങ്ങിയ സംഭവത്തിലെ പരിസ്ഥിതി ആഘാതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കേരള തീരത്ത് എം. എസ്. സി. എൽസ-3 കപ്പൽ കണ്ടെയിനറുകളുമായി മുങ്ങിയ സംഭവത്തിൽ പരിസ്ഥിതി ആഘാതം കണ്ടെത്തിയിട്ടില്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ നൽകിയ രേഖകളിൽ പ്രതിപാദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | എം.എസ്.സി. എൽസ-3 കപ്പലിൽ ഉണ്ടായിരുന്ന കണ്ടെയ്നറുകളിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള മലിനീകരണം കടലിൽ കലരുന്നുണ്ടോ എന്നതും, എണ്ണ ചോർച്ച മൂലം എണ്ണപ്പാട കടലിൽ പരക്കുന്നതുമായി ബന്ധപ്പെട്ട മലിനീകരണം സംഭവിക്കുന്നുണ്ടോ എന്നതും, ശാസ്ത്രീയമായും തുടർച്ചയായും നിരീക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് കപ്പലപകടത്തിന്റെ തൊട്ടടുത്ത ദിവസം മുതൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതിനായി ഈ മേഖലയിൽ നിന്നുള്ള വിദഗ്ധരുമായി ചർച്ച ചെയ്ത് സാംപ്ലിംഗ് പ്രോട്ടോകോൾ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കുകയും ചെയ്തു. ഈ സാംപ്ലിംഗ് പ്രോട്ടോകോൾ പ്രകാരമുള്ള ജല, വായു ഗുണനിലവാര പരിശോധനകൾ എന്നിവ കപ്പലപകടത്തിന്റെ ആഘാതം എത്താൻ സാധ്യതയുള്ള എല്ലാ കടൽത്തീരത്തു നിന്നും ശേഖരിച്ച് പരിശോധന നടത്തിയിരുന്നു. ഈ പരിശോധനയിൽ തീരപ്രദേശത്തെ ജല ഗുണനിലവാരത്തിൽ ഗണ്യമായ വ്യത്യാസം ഇല്ലെന്നും നിലവിൽ പരിശോധനയും വിശകലനവും നടക്കുകയാണെന്നും ആയതിന്റെ അവസാന ഘട്ടത്തിൽ മാത്രമേ മലിനീകരണത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ കഴിയൂ എന്നും മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പ്രതിപാദിച്ചിരുന്നു.<br><br>കപ്പൽ അപകടം ആഴക്കടലിൽ ഉൾപ്പെടെ ഉണ്ടാക്കിയ പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനായി 11/06/2025 ലെ G.O (Rt) No.62/2025/ENVT സർക്കാർ ഉത്തരവ് പ്രകാരം CSIR-NIO യുമായി സഹകരിക്കാൻ കേരള |

| | | | |
|---|---|---|---|
| | | | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ അധികാരപ്പെടുത്തി. തുടർന്ന് 16/07/2025 ൽ മലിനീകരണ നിയന്ത്രണ ബോർഡ് NIO യുമായി കരാറിൽ ഒപ്പ് വെച്ചു. പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.<br><br>ഈ പ്രാഥമിക റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോട്ടോഗ്രാഫുകളും മറ്റ് ഫീൽഡ് ഒബ്സർവേഷൻ വിശദാംശങ്ങളും വ്യക്തമാക്കുന്നത് കടലിൽ MSC ELSA 3 കപ്പൽ തകർന്നതിന്റെ പരിസരപ്രദേശങ്ങളിലും ഇന്ത്യയുടെ ടെറിട്ടോറിയൽ ജലത്തിൽ ഉൾപ്പെടെ എണ്ണ വ്യാപിച്ചതിന്റെ ലക്ഷണങ്ങളും തെളിവുകളും ഉണ്ട് എന്നതാണ്. ഈ തെളിവുകൾ അടങ്ങിയ റിപ്പോർട്ട്, സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത Admiralty Suit-ന്റെ ഭാഗമായി, NIO യുടെ ഒരു പ്രത്യേക അഫിഡവിറ്റായി, ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംഭവത്തിൽ മലിനീകരണ നിയന്ത്രണ ബോർഡ് വിശദമായ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | എം.എസ്.സി. എൽസ-3 കപ്പലിൽ ഉണ്ടായിരുന്ന കണ്ടെയ്നറുകളിൽ നിന്ന് ഏതെങ്കിലും തരത്തിലുള്ള മലിനീകരണം കടലിൽ കലരുന്നുണ്ടോ എന്നതും, എണ്ണ ചോർച്ച മൂലം എണ്ണപ്പാട കടലിൽ പരക്കുന്നതുമായി ബന്ധപ്പെട്ട മലിനീകരണം സംഭവിക്കുന്നുണ്ടോ എന്നതും, ശാസ്ത്രീയമായും തുടർച്ചയായും നിരീക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ മലിനീകരണ നിയന്ത്രണ ബോർഡ് കപ്പലപകടത്തിന്റെ തൊട്ടടുത്ത ദിവസം മുതൽ തന്നെ ആരംഭിക്കുകയുണ്ടായി. ഇതിനായി ഈ മേഖലയിൽ നിന്നുള്ള വിദഗ്ധരുമായി ചർച്ച ചെയ്ത് സാംപ്ലിംഗ് പ്രോട്ടോകോൾ മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കുകയും ചെയ്തു. ഈ സാംപ്ലിംഗ് പ്രോട്ടോകോൾ പ്രകാരമുള്ള ജല, വായു ഗുണനിലവാര പരിശോധനകൾ എന്നിവ കപ്പലപകടത്തിന്റെ ആഘാതം എത്താൻ സാധ്യതയുള്ള എല്ലാ കടൽത്തീരത്തു നിന്നും ശേഖരിച്ച് പരിശോധന നടത്തിയിരുന്നു. ഈ പരിശോധനയിൽ തീരപ്രദേശത്തെ ജല ഗുണനിലവാരത്തിൽ ഗണ്യമായ വ്യത്യാസം ഇല്ലെന്നും നിലവിൽ പരിശോധനയും വിശകലനവും നടക്കുകയാണെന്നും ആയതിന്റെ അവസാന ഘട്ടത്തിൽ മാത്രമേ മലിനീകരണത്തിന്റെ വ്യാപ്തി മനസ്സിലാക്കാൻ കഴിയൂ എന്നും മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ പ്രതിപാദിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | കപ്പൽ അപകടം ആഴക്കടലിൽ ഉൾപ്പെടെ ഉണ്ടാക്കിയ പാരിസ്ഥിതിക ആഘാതം വിലയിരുത്തുന്നതിനായി 11/06/2025 ലെ G.O (Rt) No.62/2025/ENVT സർക്കാർ ഉത്തരവ് പ്രകാരം CSIR-NIO യുമായി സഹകരിക്കാൻ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനെ അധികാരപ്പെടുത്തി. തുടർന്ന് 16/07/2025 ൽ മലിനീകരണ നിയന്ത്രണ ബോർഡ് NIO യുമായി കരാറിൽ ഒപ്പു വെച്ചു. പഠനത്തിന്റെ പ്രാഥമിക റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്.<br><br>ഈ പ്രാഥമിക റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോട്ടോഗ്രാഫുകളും മറ്റ് ഫീൽഡ് ഒബ്സർവേഷൻ വിശദാംശങ്ങളും വ്യക്തമാക്കുന്നത് കടലിൽ MSC ELSA 3 കപ്പൽ തകർന്നതിന്റെ പരിസരപ്രദേശങ്ങളിലും ഇന്ത്യയുടെ ടെറിട്ടോറിയൽ ജലത്തിൽ ഉൾപ്പെടെ എണ്ണ വ്യാപിച്ചതിന്റെ ലക്ഷണങ്ങളും തെളിവുകളും ഉണ്ട് എന്നതാണ്. ഈ തെളിവുകൾ അടങ്ങിയ റിപ്പോർട്ട്, സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത Admiralty Suit-ന്റെ ഭാഗമായി, NIO യുടെ ഒരു പ്രത്യേക അഫിഡവിറ്റായി, ബഹു. ഹൈക്കോടതി മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച കേസിൽ മലിനീകരണ നിയന്ത്രണ ബോർഡ് ഹൈക്കോടതിയിൽ നൽകിയ സത്യവാങ്മൂലം കമ്പനിയെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ